# CATHOLIC TEACHERS GUILD
## DIOCESE OF PALAI

## 150–ാം ഗാന്ധിജയന്തി ദിനാഘോഷം

ടീച്ചേഴ്സ് ഗിൽഡ് രൂപതാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ 150–ാം ജയന്തി ദിനാഘോഷം വിപുലമായരീതിയിൽ നടത്താൻ കോർപ്പറേറ്റ് സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗം തീരുമാനിച്ചിരിക്കുന്നു. 2018 ഒക്ടോബർ 2–ാം തീയതി രാവിലെ 10 മണിക്ക് പാലാ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ ചേരുന്ന സമ്മേളനം, അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്യും. തുടർന്ന് LP, UP, HS, HSS വിഭാഗങ്ങളിലെവിദ്യാർത്ഥികൾക്കായി ക്വിസ്മത്സരം നടത്തുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3000, 2000, 1000 രൂപാ വീതം ക്യാഷ് അവാർഡും ട്രോഫിയും കൂടാതെ ആകർഷകമായ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിലും ഒരു സ്കൂളിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. സ്കൂൾതല വിജയികളെ തെരഞ്ഞെടുക്കാനുള്ള മാതൃകാചോദ്യാവലി www.ceap.co.in ൽ പ്രസിദ്ധീകരിക്കുന്നതാണ്.

സ്വയംപര്യാപ്തത, സ്വാശ്രയത്വം, സ്വയംതൊഴിൽ എന്നീ ഗാന്ധിയൻ ആദർശങ്ങൾ പ്രായോഗിക ജീവിതത്തിൽ പകർത്താൻ സഹായിക്കുന്ന ഒരു പരിശീലന കളരിയും അന്നേദിവസം ക്രമീകരിച്ചിരിക്കുന്നു. സ്റ്റൗറിപ്പയറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ക്വാർട്സ്ക്ലോക്ക് റിപ്പയറിംഗ് എന്നിവയിൽ വിദഗ്ദ്ധരായവരുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം നൽകുന്നു. ഒരു സ്കൂളിൽനിന്ന് ഒരാൾക്ക് പങ്കെടുക്കാവുന്നതാണ്. ക്വിസ് പ്രോഗ്രാമിന് പ്രത്യേക രജിസ്ട്രേഷൻഫീസ് ഉണ്ടായിരിക്കുന്നതല്ല. മത്സരാർത്ഥികൾ റൈറ്റിംഗ്പാഡ് കൊണ്ടുവരേണ്ടതാണ്.

അധ്യാപക–അനധ്യാപകർക്കായി തത്സമയ ഉപന്യാസമത്സരവും അന്നേദിവസം നടത്തുന്നു. ഒന്നും രണ്ടും മൂന്നുംസ്ഥാനം നേടുന്നവർക്ക് നവംബർ 6–ന് നടക്കുന്ന വിദ്യാഭ്യാസസംഗമത്തിൽവച്ച് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നതാണ്.

ടീച്ചേഴ്സ് ഗിൽഡിന്റെ ചാർജ് വഹിക്കുന്ന എല്ലാ അധ്യാപകരും ഒക്ടോബർ 2–ന് നടക്കുന്ന പരിപാടിയിൽ നിർബന്ധമായി സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം താല്പര്യപ്പെടുന്നു.

സന്തോഷ് കാവുകട്ട്
പ്രസിഡന്റ്